## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **386** **27.09.2011** - ലെ മറുപടിക്ക്

**പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കൽ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കാൻ ആലോചിക്കു ന്നുണ്ടോ ; എങ്കിൽ ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പ്രവർത്തന രീതി എന്നിവ എങ്ങനെയായിരിക്കണമെന്നാണ് കരുതുന്നത് ; | (എ) | 26.02.2011-ലെ ജി.ഒ.(എം.എസ്.) നം. 59/11/ത.സ്വ.ഭ.വ. പ്രകാരം പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കുന്നതിന് അനുമതി നൽകുകയും 08.03.2011-ലെ ജി.ഒ.(എം.എസ്.) നം. 77/11/ ത.സ്വ.ഭ.വ. പ്രകാരം പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പ്രവർത്തന രീതി എന്നിവ ജി.ഒ.(എം.എസ്.) നം. 59/11/ത.സ്വ.ഭ.വ.യിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പഞ്ചായത്തുകൾക്ക് വേണ്ടി ഇങ്ങനെയൊരു ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം 13-ാം ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ആവശ്യപ്പെട്ടിരുന്നു. ഇന്ത്യാ ഗവൺമെന്റ് പഞ്ചായത്ത് രാജ് മന്ത്രാലയ സെക്രട്ടറിയായ ശ്രീ.എ.എൻ.പി. സിൻഹയുടെ 12.07.2010-ലെ അർദ്ധ ഔദ്യോഗിക കത്ത് നം.11019/704/ 08-Pol-2(P&J) പ്രകാരമാണ് ആവശ്യപ്പെട്ടിരുന്നത്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേരളത്തിന് ലഭിയ്ക്കുന്ന പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കാനുള്ള പത്ത് നിബന്ധനകളിൽ ഒന്നാണ് പ്രോപ്പർട്ടി ടാക്സ് ബോർഡിന്റെ രൂപീകരണം. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

(........2)

(സി) ബോർഡ് രൂപീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നടപടികൾ കൈകൊണ്ടിട്ടുണ്ടോ ; ബോർഡ് രൂപീകരിക്കുന്നതിന് ധനകാര്യ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ; ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) കഴിഞ്ഞ സർക്കാറിന്റെ കാലത്താണ് ബോർഡ് രൂപീകരിച്ചത്.
പതിമൂന്നാം ധനകാര്യ കമ്മിഷൻ രാജ്യത്തെ 36 നഗരങ്ങളിൽ നടത്തിയ ഒരു പഠനത്തിന്റെ വെളിച്ചത്തിൽ പ്രോപ്പർട്ടി ടാക്സ് ശേഖരണത്തിന്റെ കാര്യശേഷിയും വ്യാപ്തിയും വികസിപ്പിച്ചാൽ ഇക്കാര്യത്തിൽ വൻവർധന (മൂന്ന്, നാല് മടങ്ങ് വരെ) കൈവരിക്കാമെന്ന് കണ്ടെത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വസ്തുവകകളുടെയും ശരിയായ അസെസ്സ്മെന്റ് നടത്തുക, ശരിയായ നികുതി ഘടന രൂപപ്പെടുത്തുക, പിഴ ചുമത്തുക, എന്നിവ കൃത്യമാക്കിയാൽ ഇതിനു കഴിയുമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിനായി പശ്ചിമബംഗാൾ വാല്യുവേഷൻ ബോർഡ് മാതൃകയിൽ സംസ്ഥാനങ്ങൾ പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഇത് പെർഫോമൻസ് ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമാകുന്നതിനുള്ള ഒരു മാനദണ്ഡവുമാക്കി.

സെക്ഷൻ ഓഫീസർ.